DESPATCHED On...11.3.2020
07/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 896*(2)/2019*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **6411**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ഡി.സഹദേവൻ നായർ,
അഡ്വ.റൂം നമ്പർ.13,
കുമാരനാശാൻ സ്മാരക ബിൽഡിംഗ്,
ജില്ലാ കോടതിക്ക് എതിർവശം, ആലപ്പുഴ – 1. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
യൂണിവേഴ്സിറ്റി ഓഫ് കേരള,
തിരുവനന്തപുരം – 695 034.

2. അപ്പീൽ അധികാരി&
രജിസ്ട്രാർ,
യൂണിവേഴ്സിറ്റി ഓഫ് കേരള,
തിരുവനന്തപുരം – 695 034.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.01.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13.02.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 18.02.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22.03.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 09.04.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 20.04.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ഡി.സഹദേവൻ

നായർ, 09.04.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 12.04.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.896(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 15.01.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, നവംബർ 2018ൽ സെന്റ് ജോസഫ് വനിതാ കോളേജിലെ കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷയെഴുതിയ ബി.എസ്സി. ഫിസിക്സ് വിദ്യാർത്ഥിനികളുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, ഉത്തരക്കടലാസിന്റെ പകർപ്പ് തുടങ്ങി 2 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 13.02.2019ന് നൽകിയ മറുപടിയിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് സർവ്വകാലാശാലയിൽ സൂക്ഷിക്കാറില്ലെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ടതാകയാൽ വിവരാവകാശ നിയമത്തിന്റെ 8(1)(ജെ)വകുപ്പ് പ്രകാരം പകർപ്പ് നൽകാനാവില്ലെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 22.03.2019ന് നൽകിയ മറുപടിയിൽ മൂന്നാം കക്ഷികളുമായി ബന്ധപ്പെട്ട് വിവരമാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നതെന്നും കൂടാതെ വിദ്യാർത്ഥികൾക്ക് നൽകുന്ന മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് സർവ്വകലാശാലയിൽ സൂക്ഷിക്കാറില്ലെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന ഉത്തരക്കടലാസിന്റെ പകർപ്പ് മൂന്നാം കക്ഷികളുടേതാണെന്നും ആയതിനാൽ പകർപ്പ് നൽകാനാവില്ലെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 16.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നു കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്കും അപ്പീലിനും മറുപടി നൽകിയിട്ടുണ്ടെന്നും വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പാണ്

ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാകുന്നത് ഓരോ സെമസ്റ്ററിലും വിദ്യാർത്ഥികൾക്ക് ലഭ്യമായ മാർക്കുകളുടെ കരടാണ് (extended tabulation sheet). പരീക്ഷാ ഫലം അപ്ലോഡ് ചെയ്യുമ്പോൾ ഓരൊ വിദ്യാർത്ഥിക്കും അവരവരുടെ ഐ.ഡി.വഴി മാത്രമേ ആയതിന്റെ പ്രിന്റ് എടുക്കുവാൻ സാധിക്കുകയുള്ളു വെന്നും ഒന്നുമുതൽ അഞ്ചുവരെയുള്ള സെമസ്റ്ററുകളുടെ മാർക്ക് ലിസ്റ്റ് സർവ്വകലാശാല വിദ്യാർത്ഥികൾക്ക് നൽകുന്നില്ലെന്നും ടാബുലേഷൻ വിഭാ ഗത്തിന് വിദ്യാർത്ഥികളുടെ ഐ.ഡി.യിൽ ലഭ്യമായ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എടുക്കാൻ സാധിക്കുകയില്ലെന്നുമാണ്. കൂടാതെ എല്ലാ സെമസ്റ്ററും വിജയിച്ച വിദ്യാർത്ഥികൾക്ക് കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റും പ്രൊവി ഷണൽ മാർക്ക് ലിസ്റ്റും പരീക്ഷാ കൺട്രോളറുടെ ഒപ്പിന്റെ ശരിപ്പകർപ്പും സർവ്വകലാശാല മുദ്രയും പതിപ്പിച്ച് അതത് കോളേജ് പ്രിൻസിപ്പലിന് അയ യ്ക്കുകയും വിദ്യാർത്ഥികൾ കോളേജിൽ നിന്നും കൈപ്പറ്റുകയുമാണ് ചെയ്യുന്നതെന്നും വിദ്യാർത്ഥികൾക്ക് നൽകുന്ന മാർക്ക് ലിസ്റ്റുകൾ, വിവി ധോദ്ദേശ്യ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ പകർപ്പ് സർവ്വകലാശാലയിൽ സൂക്ഷിക്കുന്നില്ലെന്നും ആകയാൽ മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ട വിവ രങ്ങളുടെ പകർപ്പ് നൽകാൻ കഴിയുകയില്ലെന്നും ഹർജിക്കാരനെ അറിയി ച്ചിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും പരി ശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 07-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/